കൈവശ ഭൂമി തിരിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി

*566 [616] ശ്രീ. പി. കെ. വാസുദേവൻ നായർ:
,, ഇ. കെ. ദിവാകരൻ നായനാർ:
,, സി. എ. കുര്യൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തെ ദേശസാൽകൃത വനഭൂമിയിൽ പെട്ട ഭൂമി ജന്മിമാരിൽ നിന്നും നേരത്തെ ചാർത്തിവാങ്ങി, രേഖയോടുകൂടിയും രേഖയില്ലാതെയും കൈവശം വെച്ച് അനുഭവിച്ചുവരുന്ന മുഴുവൻ കൃഷിക്കാർക്കും എത്രയും വേഗം ഭൂമി പതിച്ചു പട്ടയം കൊടുക്കുമോ;

(ബി) ഒഴിപ്പിക്കപ്പെട്ടിട്ടുള്ള കൃഷിക്കാർക്ക് അവരുടെ കൈവശഭൂമി തിരിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് കർഷകസംഘടനാ പ്രതിനിധികളും കൂടി ഉൾപ്പെടെയുള്ള ജനകീയ കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ, ബി) കൈവശക്കാർക്ക് അവരുടെ ഭൂമിയിൻമേലുള്ള അവകാശം സ്ഥാപിച്ചുകിട്ടുവാൻ നിയമമനുസരിച്ച് അധികാരപ്പെടുത്തിയിട്ടുള്ള ട്രൈബ്യൂണലുകളെ സമീപിക്കേണ്ടതാണ്. ഗവൺമെൻറിന് ഇക്കാര്യത്തിൽ ഇടപെടുവാൻ നിയമത്തിൽ വ്യവസ്ഥയില്ല.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.

പഞ്ചായത്ത് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

*567 [617] ശ്രീ. എം. പി. താമി:
,, ജോസ് കുറിയാനി:
,, പി. സീതി ഹാജി:
,, ടി. എം. ജേക്കബ്:
,, പി. സി. ജോർജ്:
,, എ. എൽ. ജേക്കബ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. കെ. ശ്രീനിവാസൻ:
,, എം. വി. രാജൻ മാസ്റ്റർ:
,, രാഘവൻ പൊഴക്കടവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ പഞ്ചായത്ത് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എതെങ്കിലും സംഘടനകളിൽ നിന്നു ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി):

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകളും നടത്തി. ന്യായമായ അവകാശവാദങ്ങളംഗീകരിച്ചു അവ നടപ്പാക്കാൻ നടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ ഭൂമി അവിഹിതമായി പതിച്ചു കൊടുക്കുന്നതായ വാർത്തകളും

* 568 [618] ശ്രീ. മണിമംഗലത്തു കുട്ട്യാലി:

,, ഇ. രമേശൻ നായർ:

,, കെ. ശങ്കരനാരായണൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:

,, എം. പി. ഗംഗാധരൻ:

,, കെ. കെ. ബാലകൃഷ്ണൻ:

,, എൻ. സുന്ദരൻ നാടാർ:

,, എം. ആർ. രഘുചന്ദ്രബാൽ:

,, എ. പി. ഹംസ:

,, ഇ. അഹമ്മദ്:

,, കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി അവിഹിതമായി പതിച്ചുകൊടുക്കുന്നതായ വാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഗവൺമെൻറിന് ലഭിച്ചുവോ;

(സി) ഇങ്ങനെ ആർക്കെല്ലാമാണ് ഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) എത്ര ഏക്കർ സർക്കാർ ഭൂമിയാണ് പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly